LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ആലപ്പുഴ മെഗാസർക്യൂട്ട് ടൂറിസം പദ്ധതിയുടെ ഭാഗമായി അത്രർ നിയോജകമണ്ഡലത്തിൽ അത്രക്കുറ്റി ഹൗസ് ബോട്ട് ടെർമിനൽ, തഴപ്പ് മൈക്രോ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് എന്നീ രണ്ടു പ്രവൃർത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതികൾക്കായി യഥാക്രമം 2,16,47,000 രൂപയും 1,38,06,000 രൂപയും ആണ് അനുവദിച്ചിട്ടുള്ളത്. അത്രക്കുറ്റിയിൽ ബോട്ട് ജെട്ടിയ്ക്കായുള്ള പൈലുകൾ കാസ്റ്റു ചെയ്തു കഴിഞ്ഞ അവസരത്തിൽ പരിസരവാസികളായ മത്സ്യത്തൊഴിലാളികൾ കായലിൽ ബോട്ടുജെട്ടി പണിയുന്നതിനെതിരെയും CRZ അനുമതി ലഭിക്കാതെ പണി തുടരുന്നതിനെതിരേയും തടസ്സവാദങ്ങൾ ഉന്നയിച്ചതിനാൽ പ്രവൃത്തി തടസ്സപ്പെടുകയുണ്ടായി. ഇപ്പോൾ CRZ അനുമതി ലഭിച്ചതിനാൽ പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഉടൻതന്നെ പൈൽ ഡ്രൈവിങ്ങ് തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തഴപ്പിൽ മൈക്രോ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റിന്റെ ഭാഗമായി ശിക്കാര/ മോട്ടോർ ബോട്ടുകൾ അടുക്കാൻ പറ്റുന്ന ചെറിയ ജെട്ടിയുള്ള പൈലുകൾ കാസ്റ്റുചെയ്യുകയും 50% ഡ്രൈവ് ചെയ്യുകയും ചെയ്ത സന്ദർഭത്തിൽ കായലിൽ ഉള്ള നിർമ്മാണത്തിനെതിരായി മത്സ്യത്തൊഴിലാളികൾ പണി തടസ്സപ്പെടുത്തുകയും അങ്ങനെ പണി നിർത്തിവയ്ക്കുകയും ഉണ്ടായി. മത്സ്യ തൊഴിലാളികളുമായി പലവട്ടം ചർച്ച നടത്തി പുതുക്കിയ പ്ലാൻ പ്രകാരം പണി പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. ഉടനെ തന്നെ പണി പുനരാരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ടൂറിസം മാർക്കറ്റിംഗിനായി ചെലവഴിക്കപ്പെട്ട തുക

316 (1014) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മാർക്കറ്റിംഗിനായി ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ചെലവഴിക്കപ്പെട്ട മൊത്തം തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ടൂറിസം വകുപ്പ് എംപാനൽ ചെയ്ത ഏതെല്ലാം ഏജൻസിക്ക് ഓരോ വർഷവും എത്ര തുകവീതം നൽകുകയുണ്ടായിട്ടുണ്ട് ; ഏജൻസികൾവഴി ചെലവായ തുക ഓരോ വർഷവും എത്ര കോടി വീതമാണ് ;

(സി) പരസ്യം നൽകിയ ഇനത്തിൽ ഓരോ വർഷവും എത്ര കോടി വീതം ചെലവായിട്ടുണ്ട് ; പരസ്യം ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശികതുക എത്രയാണ് ;

(ഡി) ടൂറിസം വകുപ്പുമന്ത്രിയുൾപ്പെടെയുള്ളവരുടെ വിദേശയാത്രയും ട്രാവൽ മാർട്ടുകളിൽ പങ്കെടുക്കുന്നതിനുംവേണ്ടി ഓരോ വർഷവും ചെലവഴിക്കപ്പെട്ട മൊത്തം തുക എത്ര ?

ഉത്തരം

(എ&ബി) ടൂറിസം മാർക്കറ്റിംഗിനായി ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ചെലവഴിക്കപ്പെട്ട മൊത്തം തുകയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

2011-12	25.35 കോടി രൂപ
2012-13	25.5 "
2013-14	28 "
2014-15	നടപ്പ് സാമ്പത്തിക വർഷം 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പിന് കീഴിൽ വിവിധ പ്രചരണ പ്രവർത്തനങ്ങൾക്കായി വിവിധ ഏജൻസികൾ നിലവിലുണ്ട്. ഈ ഏജൻസികൾവഴി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നാളിതുവരെ ഓരോ ഏജൻസികൾക്കും അതാത് വർഷം എത്ര തുക വീതം നൽകി എന്നുള്ള കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(സി) ഓരോ വർഷവും സർക്കാർ അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽനിന്നും നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം പരസ്യ ഇനത്തിൽ ചെറുതും വലുതുമായ നിരവധി പരസ്യങ്ങൾ നൽകി വരുന്നു. പരസ്യ ഇനത്തിൽ മാത്രം എത്ര തുക ചെലവാക്കി എന്നത് പ്രത്യേകമായി ശേഖരിച്ചുവരുന്നു. ഏകദേശം 5,80,00,000 രൂപ വിവിധ പരസ്യപ്രചരണ പരിപാടികൾക്കായി വിവിധ ഏജൻസികൾക്ക് കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്.

(ഡി) അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly